കേന്ദ്രനുമതി ലഭിച്ച മൂവാറ്റുപുഴ പദ്ധതിയിൽ സി.എ.ഡി.ഡബ്ല്യു.എം പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇപ്പോൾ സി.എ.ഡി.ഡബ്ല്യു.എം. പ്രോഗ്രാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഉൾപ്പെടുന്ന ജില്ലകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

കാഞ്ഞിരപ്പുഴ	- പാലക്കാട്
പഴശ്ശി	- കണ്ണൂർ
കല്ലട	- കൊല്ലം, പത്തനംതിട്ട, ആലപ്പുഴ

(ഇ) ജലസേചന പദ്ധതികളുടെ ആയക്കെട്ട് പ്രദേശത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കാഡയും ജലസേചനവകുപ്പും സംയുക്തമായി നടപടികൾ കൈക്കൊള്ളുന്നുണ്ട്.

കൊച്ചി മെട്രോ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ

22 (*532) ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. എം. എം. മോനായി :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോറെയിൽ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കണമെന്ന തീരുമാനത്തിൽ നിന്നും കേന്ദ്ര സർക്കാർ പിന്നോട്ടുപോയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കേന്ദ്രത്തിന്റെ ന്യായീകരണമെന്താണ് ;

(സി) കേന്ദ്ര സർക്കാരിന്റെ വിശദീകരണം തൃപ്തികരമാണോ ; അല്ലെങ്കിൽ വ്യക്തമാക്കുമോ ;

(ഡി) മെട്രോപദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ഇ) കൊച്ചി നഗരത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കാനായി കൊച്ചി മെട്രോപദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) കൊച്ചി മെട്രോറെയിൽ പദ്ധതിക്ക് അംഗീകാരം നൽകണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിക്ക് കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ ശുപാർശയും ലഭിച്ചിട്ടുണ്ട്. പദ്ധതി ഏത് രീതിയിൽ നടത്തണമെന്നോ, പദ്ധതിക്ക് അംഗീകാരം നൽകുവാൻ സാധ്യമല്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നോ കേന്ദ്ര ഗവൺമെന്റ് രേഖാമൂലം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല.

(ബി&സി) (എ) യുടെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) കൊച്ചി മെട്രോറെയിൽ പദ്ധതിയുടെ അലൈൻമെന്റിന്റെ സർവ്വേ ജോലികൾ എറണാകുളം വില്ലേജൊഴികെ പൂർത്തിയായിരുന്നു. എന്നാൽ DMRC അലൈൻമെന്റിൽ മാറ്റം വരുത്തിയതിനാൽ ചില സ്ഥലങ്ങളിൽ സർവ്വേ ജോലികൾ പൂർത്തിയാക്കാനുണ്ട്. പൊന്നും വില നടപടികളും അടിയന്തര ഘട്ടത്തിൽ ഭൂമി ഏറ്റെടുക്കുന്നതും സംബന്ധിച്ച നടപടികളും പുരോഗമിക്കുന്നു.

(ഇ) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ തുടങ്ങുവാൻ സാധിക്കുകയുള്ളു.

ധാതുനയത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി

23 (*533) ശ്രീ. എൻ. ശക്തൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അംഗീകരിച്ച ധാതുനയത്തിന് എതിരെ എന്തൊക്കെ കാര്യങ്ങളിലാണ് പ്രതിഷേധവും എതിർപ്പുകളും ഉണ്ടായിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് വനത്തിന് 50 മീറ്റർ ചുറ്റളവിൽ ധാതുഖനനത്തിന് അനുമതി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) നിലവിലെ വനസംരക്ഷണ നിയമവും കേന്ദ്ര വനനിയമവും ലംഘിക്കുന്ന തരത്തിൽ ധാതു ഖനനം നടത്താൻ പുതിയ ധാതുനയം കാരണമാകുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർക്കാരിന്റെ പുതുക്കിയ ധാതു നയത്തിലെ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. എളമരം കരീം):

(എ) സംസ്ഥാനത്ത് പുതുതായി ധാതു നയം ഇനിയും അംഗീകരിച്ചിട്ടില്ല.

(ബി) ഇല്ല.

(സി & ഡി) നിലവിൽ 2007-ലെ വ്യവസായ വാണിജ്യ നയത്തിൽ പ്രസ്താവിച്ചിരിക്കുന്ന ഖനിജ നയമാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വിവിധ കേന്ദ്ര സംസ്ഥാന വകുപ്പുകൾ, ഖനന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, ക്വാറി ക്രഷർ ഉടമകളുടെ സംഘടനാ പ്രതിനിധികൾ

LIBRARY ARCHIVES Kerala Legislative Assembly